**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3125 23/03/2015-ൽ നല്കേണ്ടിയിരുന്നത്

## ജൈവകൃഷി സംസ്ഥാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കേരളത്തെ ജൈവകൃഷി സംസ്ഥാനമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | എ) 10.02.2010 ലെ സർക്കാർ ഉത്തരവ് നം.39/2010/കൃഷി പ്രകാരമാണ് കേരളത്തിലെ ജൈവ കൃഷി നയം പ്രഖ്യാപിച്ചത് സംസ്ഥാനത്ത് കൃഷി ചെയ്തു വരുന്ന വിളകൾക്കും അവ കൃഷി ചെയ്യുന്ന പ്രദേശത്തിനും പ്രത്യേക ഊന്നൽ നല്കി ഘട്ടം ഘട്ടമായി കേരളത്തെ ഒരു സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി "സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം" എന്ന പരിപാടിയുടെ നടത്തിപ്പ് ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുതല കാർഷിക വികസന സമിതി യോഗങ്ങളും എം.എൽ.എ മാരുടെ അദ്ധ്യക്ഷതയിൽ ഓരോ നിയോജക മണ്ഡലത്തിലും കൃഷി അനുബന്ധ മേഖല ഉദ്യോഗസ്ഥരുടേയും ത്രിതല പഞ്ചായത്ത് പ്രതിനിധികളുടേയും യോഗങ്ങൾ നടത്തുകയുണ്ടായി. ഓരോ നിയോജക മണ്ഡലത്തിനും അനുയോജ്യമായ കർമ്മ പരിപാടികൾ തയ്യാറാക്കി വരുന്നു.<br><br>ജൈവ കാർഷിക സംസ്ഥാനമാക്കുന്ന |

പരിപാടിയുടെ ഭാഗമായി സസ്യരോഗ കീടനിയന്ത്രണത്തിനായി ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങളുടെ ഉപയോഗം പരാമവധി കുറയ്ക്കുവാൻ നടപടി സ്വീകരിക്കുക, ജൈവ കൃഷിയ്ക്കാവശ്യമായ കമ്പോസ്റ്റ്, ഖരമാലിന്യങ്ങൾ, ജൈവവേലി, പച്ചില സസ്യങ്ങൾ മുതലായവ ഉറവിടത്തിൽ തന്നെ ഉല്പാദിപ്പിക്കുക, ജൈവ കർഷകരുടെ കൂട്ടായ്മകൾ രൂപീകരിച്ച് ജൈവ കർഷക ക്ലസ്റ്ററുകൾ "കേരള ജൈവ കൃഷി അതോറിറ്റി" എന്ന Special Purpose Vehicle രൂപീകരിച്ച് ഈ അതോറിറ്റിയുടെ കീഴിൽ അണിനിരത്തുക, ജൈവ ഉല്പന്നങ്ങൾക്ക് പങ്കാളിത്ത മാനദണ്ഡങ്ങൾക്കനുസരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്ന സർട്ടിഫിക്കേഷൻ നടപ്പിലാക്കുക, ഉല്പാദനോപാദികളായ ജീവാണു വളങ്ങൾ, ജീവാണു കീടരോഗ നിയന്ത്രണകാരികൾ എന്നിവ ഉല്പാദിപ്പിക്കുവാനും സംഭരണം ചെയ്യുവാനും വിപണനം ചെയ്യുവാനും നടപടി സ്വീകരിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം കേരളത്തെ ജൈവകൃഷി സംസ്ഥാനമാക്കി മാറ്റുന്നതിലേക്കായി 1500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി മുൻ സാമ്പത്തിക വർഷങ്ങളിലായി നടപ്പിലാക്കി കഴിഞ്ഞു. 1500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷിയ്ക്കായുള്ള പദ്ധതികൾ നടന്നു കൊണ്ടിരിക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ 2000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി പദ്ധതിയ്ക്കായുള്ള അനുമതി നല്കിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ 5000 ഹെക്ടർ സ്ഥലത്ത്

ജൈവകൃഷി വ്യാപിപ്പിക്കുന്നതിലേക്കായുള്ള ആവശ്യം 2015-16 കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാസവളങ്ങളുടേയും കീടനാശിനികളുടേയും അനിയന്ത്രിതമായ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും നടത്തുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്.

സെക്ഷൻ ഓഫീസർ